# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1087** 21/03/2013 ൽ മറുപടിക്ക്

## റിസോഴ്സ് അദ്ധ്യാപകർക്ക് സ്ഥിരനിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പൂർണ്ണയോഗ്യത നേടിയ എത്ര റിസോഴ്സ് അദ്ധ്യാപകർ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) | സർവ്വ ശിക്ഷാ അഭിയാന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലുമായി 1618 റിസോഴ്സ് അദ്ധ്യാപകരും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ പൂർണ്ണ യോഗ്യത നേടിയ 414 റിസോഴ്സ് അദ്ധ്യാപകരും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. |
| ബി) | ഇവരുടെ സേവന - വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | ബി) | സർവ്വ ശിക്ഷാ അഭിയാനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് 10,000/- രൂപ ഹോണറേറിയവും പരമാവധി 500/- രൂപ യാത്രാ ബത്തയും പ്രതിമാസം നല്കി വരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വഴി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് നിലവിൽ പ്രതിമാസം 14620/- രൂപ ശമ്പളമായും കൂടാതെ പൂർണ്ണ യോഗ്യത ഉള്ളവർക്ക് 400/- രൂപ സ്പെഷ്യൽ അലവൻസും കൂടി അനുവദിക്കുന്നുണ്ട് |
| സി) | പ്രസ്തുത അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | സി) | റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിലാണ് നിയമിച്ചുവരുന്നത്. ഇവർക്ക് സ്ഥിര നിയമനം നല്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

HP